**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** | **08-02-2023 - ൽ മറുപടിയ്ക്ക്**

**എൽഡർ ലൈൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൽഡർ ലൈൻ പ്രവർത്തനങ്ങൾ ഇപ്പോഴും നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 2021 നവംബർ 1 -ാം തീയതി മുതൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച മുതിർന്ന പൗരന്മാർക്കായുള്ള ഹെൽപ് ലൈൻ സേവനം (എൽഡർ ലൈൻ) ഇപ്പോഴും തുടർന്നു വരുന്നു. |
| (ബി) | എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ എൽഡർ ലൈൻ വഴി മുതിർന്ന പൗരന്മാർക്ക് നൽകി വരുന്നത്; വ്യക്തമാക്കാമോ; | (ബി) | എൽഡർ ലൈൻ മുഖാന്തിരം മുതിർന്ന പൗരന്മാർക്ക് ലഭ്യമാക്കി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**ടെലിഫോൺ മുഖാന്തിരം എൽഡർ ലൈൻ നൽകി വരുന്ന സേവനങ്ങൾ-** മുതിർന്ന പൗരന്മാർക്കായുള്ള സർക്കാർ-സർക്കാറിതര സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങളും ആയതിനെ കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകൽ, വിവിധ പെൻഷൻ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ നൽകൽ, വൃദ്ധ സദനങ്ങൾ, വയോജന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകൽ, ശാരീരിക-മാനസിക സംഘർഷം നേരിടുന്ന മുതിർന്ന പൗരന്മാർക്കുള്ള മാനസിക പിന്തുണ നൽകൽ തുടങ്ങിയവ.<br><br>**ഫീൽഡ് തലത്തിൽ എൽഡർ ലൈൻ നല്കി വരുന്ന സേവനങ്ങൾ-** അഗതികളായ മുതിർന്ന പൗരന്മാരുടെ പുനരധിവാസം, മാനസികവും-ശാരീരികവുമായ ചൂഷണം നേരിടുന്ന മുതിർന്ന പൗരന്മാർക്കായുള്ള സഹായങ്ങൾ (Action against abuse & Rescue എന്നിവ). |
| (സി) | എൽഡർലൈൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ജീവനക്കാർക്ക് ശമ്പളം ലഭിക്കാതെ അവർ പ്രവർത്തനം അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്ര ഫണ്ടിന്റെ ലഭ്യതയിൽ ഉണ്ടായ കാലതാമസം മൂലം എൽഡർ ലൈൻ ഓഫീസിലെ വൈദ്യുതി, ഇന്റർനെറ്റ് എന്നിവ നിലച്ചതിനാൽ, ടെലിഫോൺ മുഖാന്തിരമുള്ള സേവനങ്ങൾ മാത്രമാണ് താല്ക്കാലികമായി മുടക്കം വന്നിരുന്നത്. ആയത് പുന:സ്ഥാപിച്ചിട്ടുണ്ട്. ഫീൽഡ് തല പ്രവർത്തനവും, ഓഫീസ് പ്രവർത്തനവും പ്രസ്തുത കാലയളവിലും മുടക്കമില്ലാതെ നടന്നു വന്നിരുന്നു. നിലവിൽ |

| | | | |
|---|---|---|---|
| | | | എൽഡർ ലൈൻ പ്രവർത്തനം പൂർണ്ണ തോതിൽ നടന്ന് വരികയാണ്. |
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പളമാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന വിവരം അറിയിക്കുമോ? | (ഡി) | എൽഡർ ലൈൻ ഓഫീസിലെ ജീവനക്കാർക്ക് കേന്ദ്ര ഫണ്ടിൽ നിന്നുമാണ് വേതനം മാറി നൽകുന്നത്. പ്രസ്തുത ജീവനക്കാർക്ക് 2022 നവംബർ 29 വരെയുള്ള വേതനം മാറി നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന കാലയളവിലെ വേതനം മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ